പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2099 01.02.2018 - ൽ മറുപടിയ്ക്ക്

## അവയവ ദാനം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ടി.ബൽറാം<br>ശ്രീ.ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ .അൻവർ സാദത്ത്<br>ശ്രീ.എ.പി.അനിൽ കുമാർ | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് അവയവ ദാനവുമായി ബന്ധപ്പെട്ട് നിരവധി തട്ടിപ്പുകൾ നടക്കുന്നതായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിനുള്ള നടപടിക്രമങ്ങൾ കർശനമാക്കിയിട്ടുണ്ടോ; | (എ) നടപടികൾ കർശനമാക്കിക്കൊണ്ട് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് |
| (ബി) മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിന്റെ നിയമവശങ്ങൾ ശക്തമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;<br>(സി) ഇതു സംബന്ധിച്ച കോടതി നിർദ്ദേശങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;<br>(ഡി) അവയവ ദാനവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ശക്തമാക്കിയതോടുകൂടി സംസ്ഥാനത്ത് അവയവമാറ്റ ശസ്ത്രക്രിയകളുടെ എണ്ണം കുത്തനെ കുറഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) യും (സി) യും (ഡി) യും ഉണ്ട്. 1994 ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ട്രാൻസ് പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ട് (THOA) അനുസരിച്ചാണ് സംസ്ഥാനത്ത് അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടക്കുന്നത്. ടി നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല. എന്നാൽ സ്വകാര്യ ആശുപത്രികളിലെ മസ്തിഷ്കമരണ സ്ഥിരീകരണ പ്രക്രിയയെ ചോദ്യം ചെയ്തു കൊണ്ട് ഡോക്ടർ ഗണപതി ഫയൽ ചെയ്ത പൊതുതാല്പര്യ ഹർജിയുടെ അടിസ്ഥാനത്തിൽ മസ്തിഷ്ക മരണ സ്ഥിരീകരണം കൂടുതൽ കുറ്റമറ്റതാക്കുന്നതിന് ബഹു. കേരള ഹൈക്കോടതി നടപടി ക്രമങ്ങൾ നിർദ്ദേശിച്ചിരുന്നു. ഇതിന്റെയും കൂടി അടിസ്ഥാന ത്തിൽ മസ്തിഷ്ക മരണ സ്ഥിരീകരണത്തിൽ കൂടുതൽ കർശന നിർദ്ദേശങ്ങൾ 01.02.2017 ലെ സ.ഉ.(കൈ)നം.16/2017/ആകുവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനുള്ള നാല് ഡോക്ടർമാരുടെ പാനലിൽ രണ്ട് ഡോക്ടർമാർ മസ്തിഷ്ക മരണസ്ഥിരീകരണം നടത്തുന്ന |

ആശുപത്രിക്ക് പുറത്തുള്ളവരായിരിക്കണമെന്നും അതിൽ ഒരാൾ നിർബന്ധമായും സർക്കാർ സർവ്വീസിലുള്ള ഡോക്ടർ ആയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും ആരോഗ്യ വകുപ്പിലും വിദഗ്ദ ഡോക്ടർമാർ അടങ്ങുന്ന പാനലുകൾ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനു വേണ്ടി ആറ് മണിക്കൂർ ഇടവേളയിൽ നടത്തുന്ന രണ്ട് ആപ്നിയ (APNOEA) ടെസ്റ്റുകളും വീഡിയോയിൽ പകർത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കർശന നിർദ്ദേശങ്ങൾ ഏർപ്പെടുത്തിയതിനെത്തുടർന്ന് മുൻ വർഷങ്ങളെ അപേക്ഷിച്ച് 2017 ൽ മസ്തിഷ്ക മരണാനന്തര അവയവദാനത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവദാനത്തിൽ കുറവ് ഉണ്ടായിട്ടില്ല.

(ഇ) അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന് മൃതസഞ്ജീവനിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുമോ?

(ഇ) മരണാനന്തര അവയവദാന പദ്ധതിയായ മൃതസഞ്ജീവനി പദ്ധതി വളരെ കാര്യക്ഷമ മായിട്ടാണ് പ്രവർത്തിച്ചു വരുന്നത്. എന്നിരുന്നാലും ടി പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പരോപകാര തല്പരതയോടു കൂടി നിസ്വാർത്ഥമായി അവയവംദാനം ചെയ്യുന്നതിന് മുന്നോട്ടു വരുന്നവർക്കു വേണ്ടിയും സ്വാപ്പ് ഡൊണേഷനു വേണ്ടിയും ഒരു റെജിസ്ട്രി, നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (എൻ.ഐ.സി) മായി ചേർന്ന് കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിംഗ്-ന്റെ കീഴിൽ കൊണ്ടുവരുന്നതിനും അവയവദാനത്തിലെ വാണിജ്യ താല്പര്യങ്ങൾ പൂർണ്ണമായും ഒഴിവാക്കുന്നതിലേയ്ക്കായി പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കി വരുന്ന തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കേരള നെറ്റ് വർക്ക് ഓഫ് ഓർഗൻ ഷെയറിംഗിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും സ്ഥാപനവൽക്കരിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ